THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

## ഒരു യാത്ര
## QUESTION BANK

### അർത്ഥം എഴുതുക

1.പാതിരാവ്-അർദ്ധരാത്രി
2.ത്രിഭുവനം-മൂന്നുലോകം
3.ഇഭം-ആന
4.വിപ്രഭാമിനി-ബ്രാഹ്മണന്റെ ഭാര്യ
5.ക്ഷിപ്രം-പെട്ടെന്ന്
6.പൃഥുകം-അവിൽ
7.കുലങ്കഷം-വർദ്ധിച്ച
8.കുതുഹലം-ആഹ്ലാദത്തോടെ
9.ബാലാദിത്യവെട്ടം-ഉദയസൂര്യന്റെ വെളിച്ചം
10.ചകോരം-ഉപ്പൻ
11.കോലാഹലം-ശബ്ദം
12.വിനിർഗമിച്ചു-പുറത്തേക്ക് പോയി

### അർത്ഥവ്യത്യാസം എഴുതുക

1.ജാലം-ലാജം
കൂട്ടം, മലർ
2.അന്തരം-അനന്തരം
വ്യത്യാസം, പിന്നീട്

### വിഗ്രഹിക്കുക

1.വിപ്രഭാമിനി-വിപ്രന്റെ ഭാമിനി
2.സ്വഭവനം-സ്വന്തം ഭവനം
3.മഹാപ്രഭ-മഹാനായ പ്രഭ

### പര്യായം എഴുതുക

1.പതി-ഭർത്താവ്, കാന്തൻ
2.പക്ഷി-ഖഗം, വിഹഗം, പറവ
3.വീട്-ഗൃഹം, ആലയം

### ചേർത്തെഴുതുക

1.ക്ഷിപ്രം+ഇരുട്ടത്ത് =ക്ഷിപ്രമിരുട്ടത്ത്
2.പൊതിഞ്ഞ+ഒരു =പൊതിഞ്ഞൊരു

3.കേട്ടിട്ട്+അനന്തരം=കേട്ടിട്ടനന്തരം
4.ഗമിക്കരുത്+ആരും=ഗമിക്കരുതാരും

ഉത്തരം എഴുതുക

1.”യഥാശക്തിമലർക്കന്യാമണവാളനൊക്കെയുമാകാം”-എന്ന വരിയിൽ യഥാശക്തി എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നത് എന്ത്

രാമപുരത്ത് വാരിയരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടിൽ നിന്നെടുത്തിട്ടുള്ള ഒരു ഭാഗമാണ് ഒരു യാത്ര എന്ന പാഠഭാഗം. ഭാര്യയുടെ വാക്ക് കേട്ടിട്ട് സുഹൃത്തായ കൃഷ്ണനെ കാണാൻ കുചേലൻ തീരുമാനിക്കുന്നു. അപ്പോൾ ഭാര്യയോട് പറയുന്ന വാക്കുകളാണിവ. കൃഷ്ണനെ കാണാൻ സ്വന്തം വീട്ടിൽനിന്നും പോകുമ്പോൾ വെറുംകൈയോടെ പോകരുത്. നമ്മുടെ കഴിവിനനുസരിച്ച് എന്ത് കൊണ്ടുചെന്നാലും ലക്ഷ്മീദേവിയുടെ ഭർത്താവായ കൃഷ്ണന് അതെല്ലാം ഇഷ്ടമാകും.നമ്മുടെ കഴിവിനും പ്രാപ്തിക്കും കഴിയുന്ന പോലെ എന്നാണ് യഥാശക്തിയുടെ അർത്ഥം.

2.ഇപ്രകാരം ഭർത്താവിന്റെ വാക്കുകേട്ടിട്ട് -വിപ്രപത്നി അനുഷ്ഠിച്ചതെന്ത്? കുചേലൻ യാത്രപുറപ്പെട്ടപ്പോൾ സംഭവിച്ചതെന്ത്?

കുചേലന്റെ വാക്ക് കേട്ട പത്നി യാചിച്ചുകൊണ്ടുവന്ന ധാന്യം പെട്ടെന്ന് തന്നെ ഇരുട്ടത്ത് ഇടിച്ച് കല്ലും നെല്ലും നിറഞ്ഞ ആ അവിൽ ഒരു തുണിയിൽ കെട്ടി. രാവിലെ കുളിച്ച് വന്ദനം കഴിഞ്ഞുവന്ന ഭർത്താവിന്റെ കാൽപ്പാദം വന്ദിച്ച് ആ പൊതി കയ്യിൽ കൊടുത്തു.

പ്രഭാത സൂര്യന്റെ വെളിച്ചം പരന്നനേരത്ത് കൃഷ്ണനാമങ്ങളും ജപിച്ച് ചകോര പക്ഷികളുടെ ശബ്ദവും കേട്ടുകൊണ്ട് കുചേലൻ വലത്തോട്ട് യാത്രതിരിച്ചു.